(ബി) തൊഴിലാളിക്ഷേമം നേരിടുന്ന മേഖലകളിലേക്ക് തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളെ ഉപയോഗപ്പെടുത്തി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനായി നിലവിലെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിനായി നെൽകൃഷിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, കയർ നിർമ്മാണം, ഖാദി/കൈത്തറി മേഖലയിലെ പ്രവൃത്തികൾ എന്നിവ തൊഴിലുറപ്പ് പദ്ധതിയിലെ അനുവദനീയമായ ഇനങ്ങളായി ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

സാമൂഹിക സാമ്പത്തിക ജാതി സെൻസസ്

24 (5371) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിൽ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

കേരളത്തിൽ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവരുന്നു. കോഴിക്കോട് ജില്ലയുടെ അന്തിമ ലിസ്റ്റുകൂടി ജനറേറ്റ് ചെയ്യാനുണ്ട്.

കോഴിക്കോട് ജില്ലയിലെ ഹിൽ ഏരിയ ഡവലപ്മെന്റ് ഏജൻസി പ്രവൃത്തികൾ

25 (5372)ശ്രീ. കെ. കഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോഴിക്കോട് ജില്ലയിൽ ഹിൽ ഏര്യാ ഡെവലപ്മെന്റ് ഏജൻസി മുഖേന ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഭരണാനുമതി നൽകിയ ഏതെങ്കിലും പ്രവൃത്തികൾ റദ്ദ് ചെയ്യുകയോ, മരവിപ്പിക്കുകയോ ചെയ്തിട്ടുണ്ടോ ;

(സി) എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ; റദ്ദ് ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) കോഴിക്കോട് ജില്ലയിലെ പ്രസ്തുത പ്രവൃത്തികൾ നടത്തുന്നതിന് അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിൽ ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി മുഖേന ഭരണാനുമതി നൽകിയ പ്രവൃത്തികൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി&സി) ഭരണാനുമതി നൽകിയ ഒരു കുടിവെള്ള പ്രവൃത്തിയും രണ്ട് ചെക്ക് ഡാം പ്രവൃത്തികളും റദ്ദു ചെയ്യുകയും രണ്ട് റോഡ് പ്രവൃത്തികൾ നിർത്തിവയ്ക്കാൻ ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. ആയതിനുള്ള കാരണങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.* ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

(ഡി) റദ്ദുചെയ്ത നാല് പ്രവൃത്തികൾക്ക് പകരമായി മൂന്ന് പുതിയ പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്. പകരമായി ഏറ്റെടുക്കാത്ത ഒരു റോഡ് പ്രവൃത്തി ഫണ്ടിന്റെ ലഭ്യതയനുസരിച്ചും ചെയർമാന്റെ നിർദ്ദേശമനുസരിച്ചും തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഗ്രാമവികസന വകുപ്പിന്റെ റോഡുകളുടെ പുനരുദ്ധാരണം

26 (5373)ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിന്റെ കീഴിൽ എത്ര റോഡുകൾ പുനരുദ്ധരിയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ :

(ബി) ഏതൊക്കെ സ്ഥലങ്ങളിൽ, ഏതൊക്കെ റോഡുകൾക്ക് എത്ര തുക വീതം നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ :

(സി) ഏറ്റവും കൂടുതൽ റോഡ് ഫണ്ട് ഏത് ജില്ലയിലാണ് അനുവദിച്ചിരിക്കുന്നത് ; ആയതിന്റെ തുക എത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇനിയും ഏതെല്ലാം റോഡുകൾക്കാണ് പുനരുദ്ധാരണത്തിന് ഫണ്ട് കൊടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly